# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3552

15/07/2015-ൽ മറുപടിക്ക്

## ഔഷധ നയം

ചോദ്യം

ശ്രീ. എം.ചന്ദ്രൻ

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പുമന്ത്രി)

എ) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെ നിരവധി മരുന്നുകൾക്ക് ക്രമാതീതമായി വില വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ മരുന്നുവില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

എ) ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്.മരുന്നുകളുടെ വിലനിയന്ത്രണത്തിന് സംസ്ഥാന സർക്കാരിന് അധികാരം ഒന്നും തന്നെയില്ല. പരമാവധി വില നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള മരുന്നുകളുടെ വിൽപ്പന വകുപ്പ് നിരന്തരം പരിശോധിക്കുകയും ഉൽപ്പാദകർ പ്രസ്തുത ഉൽപ്പന്നത്തിന് അമിത വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി മരുന്നുകളുടെ വിശദാംശങ്ങൾ അനന്തര നടപടികൾക്കായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കാറുമുണ്ട്.

ബി) ഔഷധങ്ങളുടെ വിലക്കയറ്റം തടയുന്നതിനും വിതരണം സുതാര്യമാക്കുന്നതിനും പുതിയ ഔഷധ നയം രൂപീകരിക്കുമോ;

ബി) 2012 ഡിസംബർ 7 ന് നിലവിൽ വന്നിട്ടുള്ള ദേശീയ ഔഷധ വില നിയന്ത്രണ നയം (National Pharmaceutical Pricing Policy 2012) പ്രകാരം 348 ഇനം അവശ്യ മരുന്നുകൾ ക്രോഡീകരിച്ച് National List of Essential Medicines തയ്യാറാക്കുകയും പ്രസ്തുത മരുന്നുകൾ എല്ലാം തന്നെ വിലനിയന്ത്രണ പരിധിയിൽ

ഉൾപ്പെടുത്തി അവയുടെ സീലിംഗ് പ്രൈസ് ഘട്ടം ഘട്ടമായി നിശ്ചയിച്ചുറപ്പിച്ചു വരുകയും ചെയ്യുന്നു.

| | |
|---|---|
| സി) സാധാരണക്കാർക്ക് മിതമായ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് സർക്കാർ ആഭിമുഖ്യത്തിൽ കൂടുതൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | സി) സാധാരണക്കാർക്ക് മിതമായ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതിലേക്കായി ഇടനിലക്കാരെ ഒഴിവാക്കി കമ്പനിയിൽ നിന്നും നേരിട്ട് മരുന്നുകൾ ശേഖരിച്ച് കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്ത് വരുന്നു. കൂടാതെ വില നിയന്ത്രണം ഇല്ലാത്ത മരുന്നുകളുടെ അധിക വില കാരണം ചികിത്സാ ചെലവുകൾ താങ്ങാനാവാത്ത സാഹചര്യം നിലവിലുണ്ട്. ആയതിന് ആശ്വാസമേകുന്നതിലേയ്ക്കായി സർക്കാരിന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, നീതി, മാവേലി മെഡിക്കൽ സ്റ്റോറുകൾ വഴി മരുന്നുകളുടെ വില വളരെ കുറച്ച് പാവപ്പെട്ട രോഗികൾക്ക് കൊടുക്കാനുള്ള സൗകര്യം ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ